بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 24.10.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*24.10.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ചുള്ള നിവേദനങ്ങളുടെ ചർച്ച

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹ തിലാവത്തിനും ശേഷം ഹുദൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിന സ്രിഹിൽ അസീസ് പറഞ്ഞു:

രണ്ടുദിവസം മുമ്പേ അൽഫസ്ൽ ഇന്റർനാഷണലിന്റെ പുതിയ ലക്കം നോക്കുകയായിരുന്നു. അതിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഒരു പ്രസംഗത്തിന്റെ ഒരുഭാഗം കൊടുത്തിരുന്നു. 1937-ൽ അവിടന്ന് പറഞ്ഞു:'ഇപ്പോൾ പല സ്വഹാബാക്കളും ജീവിച്ചിരിപ്പുണ്ട്. അവരിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസ്ഥാവിശേഷങ്ങളും വചനങ്ങളും ശേഖരിച്ചുവെക്കേണ്ടതാണ്. കാരണം ഒരു കാലം വരും. അന്ന് ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അത് ഉപകാരപ്പെടുന്നതാണ്.

ഇപ്പോൾ ഇവിടെ പറയുന്നതിന് ചില കാര്യങ്ങളും സംഭവങ്ങളും ഞാൻ എടുത്തിട്ടുണ്ട്. അത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടേത് തന്നെയാണ്. അല്ലെങ്കിൽ ആ മഹാത്മാവ് മറ്റുള്ളവർ പറഞ്ഞ സംഭവങ്ങൾ എടുത്തുദ്ധരിച്ചിട്ടുള്ളതാണ്. അതിൽ ഉപദേശങ്ങളുണ്ട്. ചില കാര്യങ്ങളുടെ വിശദീകരണങ്ങളുമുണ്ട്. കുറച്ച് ഇന്ന് ഞാൻ വിവരിക്കുന്നതാണ്. ഭാവിയിലും സന്ദർഭോചിതം വിവരിച്ചു കൊണ്ടിരിക്കുന്നതാണ്. اِنۡ شَآءَ اللّٰہ ഏതെങ്കിലും പ്രത്യേക വിഷയത്തിൽ ഊന്നിയുള്ളതല്ല ഇത്. പ്രത്യുത വിവിധതരത്തിലുള്ള സംഭവങ്ങളാണ്. ഖുത്ബയിൽ ഈ സംഭവങ്ങൾ വിവരിക്കാൻ കാരണം എം.ടി.എ മുഖേന ലോകത്ത് ജുമുഅ ഖുത്ബയാണ് കൂടുതൽ കേൾക്കപ്പെടുന്നത്. ഞാൻ പറഞ്ഞതുപോലെ ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇക്കാര്യങ്ങൾ സഹായകമാകുന്നുമുണ്ട്. അതുകൊണ്ട് ഓരോ അഹ്മദിക്കും ഇതെത്തേണ്ടത് നിർബന്ധമാണ്. ഖുത്ബതന്നെയാണ് അതിനുള്ള ഏറ്റവും ഉത്തമ മാർഗം.

ഖലീഫത്തുൽ മസീഹ് ഥാനീ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "ഒരിക്കൽ ഒരു പട്ടി ഞങ്ങളുടെ വീട്ടുപടിക്കൽ വന്നു. ഞാൻ അവിടെ നില്ക്കുകയായിരുന്നു. മുറിയ്ക്കുള്ളിൽ ഹദ്റത്ത് സാഹിബ് അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)മാത്രമേ ഉണ്ടായിരുന്നുള്ളു. ഞാൻ ആ പട്ടിയുടെനേരെ കൈനീട്ടിക്കൊണ്ട് 'ടിപ്പു ടിപ്പു'എന്നു വിളിച്ചു. ഹദ്റത്ത് സാഹിബ് വളരെ ദ്വേഷത്തോടെ വെളിയിൽ വന്നു. എന്നിട്ട് പറഞ്ഞു: 'നിനക്ക് നാണമില്ലേ! ഇംഗ്ലീഷുകാർ അവരുടെ ശത്രുതകാരണത്താൽ സത്യസന്ധനായ ഒരു മുസൽമാന്റെ നാമം തങ്ങളുടെ പട്ടികൾക്കിട്ടതാണ്. നീ അത് അനുകരിച്ചുകൊണ്ട് പട്ടിയെ ടിപ്പു എന്നു വിളിക്കുന്നു. ഓർത്തോ! ഇനി ഇത് ആവർത്തിക്കരുത്.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'എനിക്ക് അന്ന് എട്ടോ ഒമ്പതോ വയസ്സായിരുന്നു. എന്റെ മനസ്സിൽ സുൽത്വാൻ ടിപ്പുവിനോടുള്ള സ്നേഹം സ്ഥാപിതമായ ആദ്യ ദിവസമായിരുന്നു അത്. സുൽത്വാൻ ടിപ്പുവിന്റെ ത്യാഗങ്ങൾ പാഴായിപ്പോയിട്ടില്ലെന്ന് ഞാൻ മനസ്സിലാക്കി. എത്രയെന്നാൽ ദൈവനിയോഗിതനായ ആളും അദ്ദേഹത്തെ ആദരിക്കുകയും അദ്ദേഹത്തെ സംബന്ധിച്ച് ധാർമിക രോഷംകൊള്ളുകയും ചെയ്യുംവിധം അല്ലാഹു അദ്ദേഹത്തിന്റെ പേരിന് ബർക്കത്ത് നല്കി.' പിന്നീട് അദ്ദേഹം എഴുതുന്നു: 'ഈ സംഭവത്തിൽനിന്ന് ഒരു ഭാഗത്ത് കുട്ടികളുടെ എല്ലാ പ്രവർത്തികളേയും വേർതിരിവില്ലാതെ സഹിക്കുക എന്നത് സഹിഷ്ണുതയുടെ നിർവചനത്തിൽ വരികയില്ലെന്ന് മനസ്സിലാകുമ്പോൾ മറുഭാഗത്ത് ഹദ്റത്ത് സാഹിബിന്റെ അപാരമായ മതപരവും ദേശീയവുമായ കൂറും അനുമാനിക്കാൻ കഴിയുന്നു. താൻ അങ്ങേയറ്റം അധ്വാനിച്ചെഴുതിയ ഗ്രന്ഥത്തിന്റെ കൈയെഴുത്ത് പ്രതി -അതിന് എത്രമണിക്കൂറുകൾ അല്ലെങ്കിൽ രാത്രികൾ ചെലവഴിച്ചിട്ടുണ്ടെന്ന് അല്ലാഹുവിനെ അറിയൂ- മണ്ണെണ്ണയൊഴിച്ച് കത്തിച്ച് ചാമ്പലാക്കിയ ആ കുട്ടിയുടെ പ്രവർത്തി അദ്ദേഹം ക്ഷമിക്കുന്നു. അതുമുഖേന തനിക്ക് വീണ്ടും ബുദ്ധിമുട്ടേണ്ടി വരുമെന്നൊന്നും അദ്ദേഹം ചിന്തിക്കുന്നേയില്ല. ഞാൻ ഇപ്പറഞ്ഞ സംഭവം ഇങ്ങനെയാണ്. ഒരിക്കൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) കളിച്ചു കളിച്ചു നടക്കുന്നതിനിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയ ഒരു ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി കത്തിച്ചു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒന്നും പറഞ്ഞില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, അത് അദ്ദേഹം ക്ഷമിച്ചു. പക്ഷേ, ഒരു ദേശീയ നേതാവിനെ അല്പംപോലും നിന്ദിക്കുക എന്നത് അദ്ദേഹത്തിന് ക്ഷമിക്കാൻ കഴിയുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു, പക്ഷേ, ദേശത്തോടുള്ള കൂറുകൊണ്ടുമാത്രം ശഹീദായ ഒരു മുസ്‌ലിം രാജാവിന്റെ പേര്-അദ്ദേഹവുമായിട്ടാണെങ്കിൽ മുസ്‌ലിമെന്നുള്ള ബന്ധമെന്നല്ലാതെ മറ്റൊരു ബന്ധവും അദ്ദേഹത്തിനൊട്ട് ഇല്ലാതാനും-നിന്ദാവഹമായ വിധം അജ്ഞനായ ഒരു കുട്ടിയുടെ വായിൽനിന്ന് വരുന്നതുപോലും സഹിക്കാൻ പറ്റുന്നില്ല. ഈ സംഭവത്തിൽ ഹദ്റത്ത് സാഹിബ് ബ്രിട്ടീഷുകാരുടെ ഏജന്റാണെന്നുള്ള ആക്ഷേപം ഉന്നയിക്കുന്നവർക്ക് മറുപടിയുമുണ്ട്. ദേശത്തോ

ടുള്ള കൂറുകൊണ്ട് ബ്രിട്ടീഷുസർക്കാറിനുമുമ്പിൽ തലകുനിക്കാതെ തന്റെ ജീവിതം പൗരുഷത്തോടെ സമർപ്പണം ചെയ്ത സുൽത്താൻ ഫതഹ്അലി ടിപ്പുവിനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിയായി ആദരിക്കുകയായിരുന്നു. അത്രമാത്രം ധാർമികരോഷമുള്ള ഒരു മനുഷ്യനെ എങ്ങനെയാണ് അന്യജനതയുടെ ഏജന്റാണെന്ന് ഊഹിക്കാൻ കഴിയുക.

വേറൊരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: കുട്ടികളെ ജമാഅത്തായിട്ട് നമസ്കരിപ്പിക്കാൻ ശീലമുണ്ടാക്കാത്ത മാതാപിതാക്കളെക്കാൾ ശത്രുക്കൾ മറ്റാരുമില്ലെന്നാണ് എന്റെ പക്ഷം. എനിക്ക് എന്റെ ഒരു സംഭവം ഓർമ വരികയാണ്. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സുഖമില്ലാതെയായി. അതുകൊണ്ട് ജുമുഅക്ക് മസ്ജിദിൽ പോകാൻ കഴിഞ്ഞില്ല. പ്രായപൂർത്തിയായവർക്കുള്ള കല്പനകൾ പാലിക്കാൻ തക്കവണ്ണം എനിക്ക് അന്ന് പ്രായമായിരുന്നില്ല. ചെറിയ കുട്ടിയായിരുന്നു. അങ്ങനെ ഞാൻ ജുമുഅ നമസ്കരിക്കുന്നതിനായി മസ്ജിദിലേക്ക് വരികയായിരുന്നു. വഴിയിൽവച്ച് ഒരാളെ കണ്ടു. അന്നത്തെ പ്രായംവച്ചുനോക്കുമ്പോൾ എനിക്ക് അയാളുടെ രൂപം ഓർമിക്കാൻ കഴിയില്ലെങ്കിൽതന്നെയും ഈ സംഭവത്തിന്റെ സ്വാധീനത്താൽ എനിക്ക് ഇപ്പോഴും അയാളുടെ രൂപം ഓർമയുണ്ട്. മുഹമ്മദ് ബഖ്ശ് എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം ഇപ്പോൾ ഖാദിയാനിൽതന്നെയാണ് താമസിക്കുന്നത്. ഞാൻ അദ്ദേഹത്തോടു ചോദിച്ചു:'താങ്കൾ തിരിച്ചുവരികയാണല്ലോ, നമസ്കാരം കഴിഞ്ഞോ?' അദ്ദേഹം പറഞ്ഞു:'ധാരാളമാളുകളുണ്ട്. മസ്ജിദിൽ സ്ഥലമില്ല. ഞാൻ തിരിച്ചുപോന്നു.' ഞാനും ആ മറുപടികേട്ട് തിരിച്ചുപോന്നു. വീട്ടിൽവന്ന് നമസ്കരിച്ചു. ഹദ്റത്ത് സാഹിബ് ഇതുകണ്ടിട്ട് ചോദിച്ചു:'മസ്ജിദിൽ നമസ്കരിക്കാൻ എന്താ പോകാതിരുന്നത്? അല്ലാഹുവിന്റെ അനുഗ്രഹമെന്നുപറയട്ടെ, ഞാൻ ചെറുപ്പം മുതലേ ഹദ്റത്ത് സാഹിബിനെ നബി എന്ന നിലയിലാണ് ആദരിച്ചിരുന്നത്. അദ്ദേഹത്തിന്റെ ചോദ്യത്തിൽ ഒരു കടുപ്പമുള്ളതായി ഞാൻ കണ്ടു. അവിടത്തെ മുഖത്ത് ദ്വേഷംപോലെ തോന്നുകയും ചെയ്തു. ഈ രീതിയിലുള്ള അവിടത്തെ ചോദ്യം എന്നിൽ വളരെ സ്വാധീനം ചെലുത്തി. മറുപടിയായി ഞാൻ പറഞ്ഞു: 'ഞാൻ പോയിരുന്നു. പക്ഷേ, സ്ഥലമില്ലാത്തതുകൊണ്ട് മടങ്ങിപ്പോന്നു.' ഇതുകേട്ട് അവിടന്ന് മൗനം പാലിച്ചു. എന്നാൽ, ജുമുഅക്ക് ശേഷം ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ്(റ) സാധാരണ എന്നപോലെ അവിടത്തെ സുഖവിവരം അന്വേഷിക്കാൻ വന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആദ്യമായി അദ്ദേഹത്തോട് അന്വേഷിച്ചത് ഇന്ന് മസ്ജിദിൽ ആളുകൾ കൂടുതലുണ്ടായിരുന്നോ? എന്നാണ്. അപ്പോൾ എന്റെ മനസ്സിൽ വല്ലാത്ത പരിഭ്രമമുണ്ടായി. കാരണം ഞാൻ നേരിട്ട് പള്ളിയിൽ പോയിരുന്നില്ല. പറഞ്ഞയാൾക്ക് തെറ്റുപറ്റിപ്പോയോ എന്നറിയില്ലായിരുന്നു. അല്ലെങ്കിൽ അദ്ദേഹം പറഞ്ഞത് മനസ്സിലാക്കുന്നതിൽ എനിക്കു പിഴവ് പറ്റിയോ എന്നും അറിയില്ലായിരുന്നു. ഞാൻ അദ്ദേഹം പറഞ്ഞതിൽനിന്ന് മനസ്സിലാക്കിയത് മസ്ജിദിൽ നമസ്കരിക്കാൻ ഇടമില്ലായിരുന്നു എന്നാണ്. എനിക്ക് തെറ്റുധാരണ ഉണ്ടായതാണെങ്കിലും പറഞ്ഞയാൾക്ക് തെറ്റുധാരണ ഉണ്ടായതാണെങ്കിലും രണ്ടു വിധത്തിലും ഞാൻ കളവു പറഞ്ഞു എന്ന ആക്ഷേപം എന്നിലുണ്ടാകുമല്ലോ എന്ന ചിന്തയായി എനിക്ക്. മൗലവി അബ്ദുൽകരീം സാഹിബ് മറുപടി പറഞ്ഞു: 'അതേ, ഹുദൂർ! ഇന്ന് ആളുകൾ കൂടുതലായിരുന്നു.' അവിടെ വാസ്തവത്തിൽ സംഭവിച്ചതെന്തായിരുന്നുവെന്ന് ഇന്നും എനിക്കറിയില്ല. അല്ലാഹു എന്റെ മോചനത്തിനുള്ള സാഹചര്യം ഒരുക്കി. മൗലവി സാഹിബിന്റെ നാവിലൂടെയും അത് സാക്ഷ്യപ്പെടുത്തി. അല്ലെങ്കിൽ യഥാർഥത്തിൽ അന്നേ ദിവസം അസാധാരണമാംവിധം ആളുകൾ മസ്ജിദിൽ എത്തിയിരുന്നു. എന്തായാലും ഇങ്ങനെ ഒരു സംഭവമുണ്ടായി. ഇന്നേവരെ അതിന്റെ സ്വാധീനം ആഴത്തിൽ എന്റെ മനസ്സിലുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ജമാഅത്തായിട്ടുള്ള നമസ്കാരത്തെ സംബന്ധിച്ച് എത്രമാത്രം ശ്രദ്ധ ഉണ്ടായിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഒരിക്കൽ മാതാമഹൻ ഹദ്റത്ത് മീർ നാസിർ നവാബ്(റ) എന്റെ ഉർദു പരീക്ഷ നടത്തി. എന്റെ കൈയക്ഷരം ഇപ്പോഴും മോശമാണ്. എഴുത്ത് നല്ലതല്ല. എന്നാൽ, അക്കാലത്ത് എത്രമാത്രം മോശമായിരുന്നുവെന്നാൽ ഞാനെന്താണ് എഴുതിയതെന്ന് വായിക്കാൻ കഴിയുമായിരുന്നില്ല. ഞാനെന്താണ് എഴുതിയതെന്നറിയാൻ മാതാമഹൻ കുറേ ശ്രമിച്ചുനോക്കി. പക്ഷേ, അദ്ദേഹത്തിന് ഒന്നും മനസ്സിലായില്ല. കടുപ്പമുള്ള സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേത്. ദ്വേഷത്തിൽ ഉടനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തെത്തി. യാദൃച്ഛികമായി ഞാനും അപ്പോൾ വീട്ടിൽ തന്നെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവം ആദ്യമെതന്നെ ഞങ്ങൾക്ക് ഭയമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയടുക്കൽ പരാതിയുമായി എത്തിയപ്പോൾ ഇനി എന്താണ് സംഭവിക്കുക എന്നോർത്ത് അത് ഒന്നുകൂടി വർധിച്ചു. എന്തായാലും മീർസാഹിബ് എത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു: 'മഹ്മൂദിന്റെ പഠനകാര്യത്തിൽ അങ്ങയ്ക്ക് അല്പംപോലും ശ്രദ്ധയില്ല. ഞാൻ അവന്റെ ഒരു ഉർദു പരീക്ഷ നടത്തി. അങ്ങ് അവന്റെ പേപ്പറൊന്ന് നോക്കിയാലും. അവന്റെ കൈയക്ഷരം ആർക്കും വായിക്കാൻ പറ്റാത്തവിധം മോശമാണ്.' പിന്നീട് അതേ ആവേശത്തോടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടു പറഞ്ഞു:'അങ്ങ് ഒട്ടും വകവെക്കുന്നില്ല. കുട്ടിയുടെ ആയുസ്സാണ് നാശമായിക്കൊണ്ടിരിക്കുന്നത്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് മീർ സാഹിബിനെ ഇത്രമാത്രം ദ്വേഷത്തിൽ കണ്ടപ്പോൾ പറഞ്ഞു: വിളിക്കുക, ഹദ്റത്ത് മൗലവി സാഹിബിനെ. എന്തെങ്കിലും പ്രതിസന്ധി ഉണ്ടാകുമ്പോൾ എപ്പോഴും അവിടന്ന് ഹദ്റത്ത് ഖലീഫ അവ്വൽ(റ)നെ വിളിക്കുമായിരുന്നു. ഹദ്റത്ത് ഖലീഫ അവ്വലിന് എന്നോടു നല്ല സ്നേഹമായിരുന്നു. അവിടന്ന് വന്നു. സാധാരണയെന്നപോലെ തലകുനിച്ച് ഒരു ഭാഗത്ത് നിന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുമ്പിൽ തല ഉയർത്തി നോക്കാറുണ്ടായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'മൗലവി സാഹിബേ! ഞാൻ താങ്കളെ വിളിപ്പിച്ചത്, മഹ്മൂദ് എഴുതിയത് വായിക്കാൻ കഴിയുന്നില്ലെന്ന് മീർ സാഹിബ് പറയുന്നു. അവന്റെ പരീക്ഷ ഒന്ന് എടുക്കണമെന്ന് എന്റെ മനസ്സ് ആഗ്രഹിക്കുന്നു.' ഇതുപറഞ്ഞുകൊണ്ട്

ഹദ്റത്ത് മസീഹ് മൗഊദ്(അ) പേനയെടുത്തു. രണ്ടുമൂന്ന് വരിയിൽ ഒരു വാക്യമെഴുതി എനിക്ക് തന്നു. അത് പകർത്തിയെഴുതാൻ പറഞ്ഞു. ഈ പരീക്ഷയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നടത്തിയത്. ഞാൻ വളരെ ശ്രദ്ധയോടെ ആലോചിച്ചും ചിന്തിച്ചും അത് പകർത്തിയെഴുതി. ആ വാക്യം അത്ര വലുതല്ലായിരുന്നു എന്നതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തേത് ഞാൻ പകർത്തി എഴുതിയാൽ മാത്രം മതിയായിരുന്നു. പകർത്തിയെഴുതുന്നത് കൂടുതൽ എളുപ്പവുമാണ്. കാരണം യഥാർഥ വസ്തു നമ്മുടെ മുമ്പിലുണ്ടല്ലോ. പിന്നീട് ഞാൻ മെല്ലെ മെല്ലെ പകർത്തിയെഴുതി. 'അലിഫ്' 'ബെ' തുടങ്ങിയവ ശ്രദ്ധിച്ച് എഴുതി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതു കണ്ടപ്പോൾ പറഞ്ഞു:'മീർ സാഹിബ് പറയുന്നതു കേട്ടപ്പോൾ എനിക്ക് വലിയ ആശങ്കയുണ്ടായിരുന്നു. എന്നാൽ, ഈ എഴുത്ത് എന്റെ എഴുത്തുമായി സാമ്യമുള്ളതാണ്. ഹദ്റത്ത് ഖലീഫ അവ്വൽ(റ) ആദ്യമേ എന്റെ പക്ഷത്തുള്ള ആളായിരുന്നു. അദ്ദേഹം പറഞ്ഞു: 'ഹുദൂർ! മീർ സാഹിബിന് പെട്ടെന്ന് ദ്വേഷം വന്നതാണ്. കൈയക്ഷരം വളരെ നല്ലതു തന്നെ.'

എതിർപ്പ് ജമാഅത്തിന് ഉണ്ടാകുന്നു. നബിയ്ക്കുണ്ടാകുന്നു. ഇത് അഭിവൃദ്ധിക്കുള്ള മാർഗമായിത്തീരുന്നു. ഇത് സംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു:' ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് ഞങ്ങൾ പലപ്രാവശ്യവും ഒരു സംഭവം കേട്ടിട്ടുണ്ട്. അവിടന്ന് പറയുമായിരുന്നു, ശത്രു നമ്മെ ചീത്ത വിളിക്കുകയും എതിർക്കുകയും ചെയ്യുമ്പോൾ അവരിൽനിന്ന് നല്ല ആത്മാക്കൾ നമ്മളിലേക്ക് വരുമെന്ന് നാം പ്രതീക്ഷിക്കുന്നു. പക്ഷേ, ഇവർ നമ്മെ ചീത്ത വിളിക്കാതിരിക്കുകയും എതിർക്കാതിരിക്കുകയും തികച്ചും നിശബ്ദത പാലിക്കുകയും ചെയ്യുമ്പോൾ നമുക്ക് വിഷമമുണ്ടാകുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു: 'നബിയുടെ ഉദാഹരണം കുറച്ച് മാനസികമുണ്ടെന്ന് പ്രചരിക്കുകയും കുട്ടികൾ ശല്യപ്പെടുത്തുകയും ചെയ്യുന്ന വൃദ്ധയുടേതാണ്. വൃദ്ധ അവരെ ചീത്തവിളിക്കുകയും ശപിക്കുകയും ചെയ്തിരുന്നു. അവസാനം മാതാപിതാക്കൾ കുട്ടികളെ തടയാനും അവർ വൃദ്ധയെ ശല്യപ്പെടുത്താതിരിക്കാനുമുള്ള പദ്ധതി ആവിഷ്കരിച്ചു. അവർ കുട്ടികൾക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചു. പക്ഷേ, കുട്ടികൾ കുട്ടികളല്ലേ. അവരുണ്ടോ അതിൽനിന്ന് പിന്മാറുന്നു! അങ്ങനെ ആ പദ്ധതിയും വിജയിച്ചില്ല. അവസാനം കുട്ടികളെ വെളിയിൽ വിടാതിരിക്കാനും വാതിലുകൾ അടച്ചിടാനും മാതാപിതാക്കൾ തീരുമാനിച്ചു. അങ്ങനെ അവർ അത് ചെയ്തു. രണ്ടുമൂന്നു ദിവസംവരെ കുട്ടികളെ വെളിയിലിറക്കിയില്ല. തന്നെ കുട്ടികൾ ശല്യപ്പെടുത്താൻ വരാത്തത് കണ്ട വൃദ്ധ വീടുകൾതോറും കയറിയിറങ്ങി 'നിങ്ങളുടെ കുട്ടികൾ എവിടെപ്പോയി? അവരെ പാമ്പ് കൊത്തിയോ? അവർ കോളറ ബാധിച്ച് മരിച്ചോ? അവരുടെമേൽ മച്ച് പൊളിഞ്ഞ് വീണോ? അവർക്ക് മിന്നലേറ്റോ? എന്നിങ്ങനെ ചോദിക്കാൻ തുടങ്ങി. അവർ ഓരോ വീട്ടുപടിക്കലും പോകുകയും പല തരം കാര്യങ്ങൾ ചോദിക്കുകയും ചെയ്തു. വൃദ്ധ മുമ്പത്തെക്കാൾ അധികം ചീത്ത വിളിക്കുകയും ശപിക്കുകയും ചെയ്യാൻ തുടങ്ങിയിരിക്കുന്നുവെന്ന് ആളുകൾ മനസ്സിലാക്കിയപ്പോൾ കുട്ടികളെ അടച്ചുവെച്ചിട്ട് കാര്യമില്ലെന്ന് കണ്ട് അവർ കുട്ടികളെ തുറന്നു വിട്ടു.' ഇതേ അവസ്ഥ തന്നെയാണ് നബിമാരുടേതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു. എതിർപ്പ് കൂടുമ്പോഴും അവർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. എതിർപ്പില്ലാതാകുമ്പോഴും അവർക്ക് വിഷമമുണ്ടാകുന്നു. കാരണം എതിർപ്പുണ്ടാകാത്തിടത്തോളം ജനങ്ങളുടെ ശ്രദ്ധ ദൈവിക ജമാഅത്തിലേക്ക് ഉണ്ടാകുകയില്ല. നബിയിൽനിന്ന് ചീത്ത വിളികൾ ഉണ്ടാകുകയില്ല. ഏതവസരത്തിലും നബിയിൽനിന്നുണ്ടാകുന്നത് പ്രാർഥനകളായിരിക്കും. എന്നല്ല, എതിർപ്പിന് ആക്കം കൂടുമ്പോൾ എതിരാളികളിൽനിന്നുള്ള നല്ല ആത്മാക്കൾക്ക് സത്യംസ്വീകരിക്കാൻ ഭാഗ്യം കിട്ടുന്നതിനുവേണ്ടിയും പ്രാർഥന ഉണ്ടാകുന്നു.

വേറൊരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'അല്ലാഹുവിന്റെ അനുഗ്രഹവും നദിപോലെയാണെന്നതിന് സംശയമൊന്നുമില്ല. നദിയിൽനിന്ന് ഒരു തുള്ളി ജലമെടുത്താൽ അതിലെന്ത് കുറവ് വരാനാണ്. എന്നാൽ, മനുഷ്യൻ എത്ര നിർഭാഗ്യനാണ്. അവൻ സ്വയം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തടയുകയാണ് ചെയ്യുന്നത്. അതിന് മുഖംതിരിച്ചിരിക്കുകയാണ്. അല്ലാഹുവിൽനിന്ന് ആരെങ്കിലും നിയോഗിതനായി വന്നാൽ ജനങ്ങൾ അദ്ദേഹത്തെ നിന്ദ്യനായി മനസ്സിലാക്കി നിഷേധിക്കാൻ തുടങ്ങുന്നു.' വീണ്ടും എഴുതുന്നു: 'ഹദ്റത്ത് ബാബാനാനാക്കിന്റെ മാതാപിതാക്കളും അദ്ദേഹത്തെ നിന്ദാദൃഷ്ടിയോടെ നോക്കിയിരുന്നു. അവൻ നമ്മുടെ കച്ചവടം ഇല്ലാതാക്കി എന്നും നമ്മുടെ വീട്ടിൽ ഒന്നിനും കൊള്ളാത്ത ഈ കുട്ടിയാണ് ജനിച്ചതെന്നും അവർ പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ജീവിച്ച് ഇന്ന് ലോകത്ത് വരികയാണെങ്കിൽ തങ്ങൾ നിന്ദ്യനായി കണ്ടിരുന്ന ആ മകനിൽ ഇന്ന് ലക്ഷക്കണക്കിനാളുകൾ അനുരക്തരാണെന്നും അവനുവേണ്ടി ജീവൻ സമർപിക്കാൻ പോലും അവർ തയ്യാറാണെന്നും അവരിൽ ധാരാളം കോടീശ്വരന്മാർ ഉണ്ടെന്നും കണ്ട് വിസ്മയഭരിതരായിത്തീരുന്നതാണ്. എന്നാൽ, ജനങ്ങൾ തങ്ങളുടെ വിഡ്ഢിത്തംകൊണ്ട് ഇത് ചെറിയ മനുഷ്യനാണെന്ന് കരുതുന്നു. അവനെ തങ്ങൾ വിശ്വസിച്ചിട്ട് എന്തു ചെയ്യാനാണ്. പക്ഷേ, ബാഹ്യമായി ചെറുതെന്ന് തോന്നുന്ന ആളുകളെയാണ് അല്ലാഹു അയക്കാറുള്ളത്. പിന്നീടാണ് അവർക്കുവേണ്ടി മരിക്കാൻ തയ്യാറുള്ള ലക്ഷക്കണക്കിന് ആളുകൾ ഉണ്ടാകുന്നത്. വീണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഇപ്രകാരംതന്നെ ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചു. ഖാദിയാനിൽ റയിലുണ്ടായിരുന്നില്ല, തപാലാപീസ് ഉണ്ടായിരുന്നില്ല, സ്കൂളുകളോ മദ്റസകളോ ഒന്നും ഉണ്ടായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നു തന്നെയും ഭൗതികമായ ഒരു പ്രതാപവും ഉണ്ടായിരുന്നില്ല. ബാഹ്യമായി നേടിയ വിദ്യാഭ്യാസവും വളരെ തുച്ഛമായിരുന്നു. അതുകൊണ്ട് അദ്ദേഹം മസീഹിയ്യത്തിന്റേയും മഹ്ദിവിയ്യത്തിന്റേയും വാദം പുറപ്പെടുവിച്ചപ്പോൾ, ഈയാൾ ജാഹിലാണെന്ന് പറഞ്ഞ് നഊദുബില്ലാഹ് ജനങ്ങൾ ബഹളം ഉണ്ടാക്കാൻ തുടങ്ങി. ഈയാൾ എങ്ങനെ മഹ്ദിയാവാനാണ്? ഈ ചെറിയ ഗ്രാമത്തിൽ ദൈവനിയോഗിതൻ എങ്ങനെ വരാനാണെന്ന് അവർ പറയാൻ തുടങ്ങി. ദൈവനിയോഗിതൻ വരികയാ

ണെങ്കിൽ ലാഹോർ, അമൃതസർ അല്ലെങ്കിൽ അതുപോലുള്ള വലിയ പട്ടണങ്ങളിൽ വരേണ്ടതാണ്. ചുരുക്കത്തിൽ ജനങ്ങൾ ഉഗ്രമായിട്ടെതിർക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ വാദം കേട്ട് അദ്ദേഹത്തെ സിയാറത്ത് ചെയ്യാൻ ആഗ്രഹിച്ചവരേയും അവർ തടഞ്ഞിരുന്നു. അത് ലംഘിച്ചവരെ പലരീതിയിലും അവർ പീഡിപ്പിച്ചിരുന്നു. അവരെ പല രീതിയിലുള്ള മുസീബത്തുകളിലും വിഷമങ്ങളിലും അകപ്പെടുത്തിയിരുന്നു. എന്നാൽ, ആ എല്ലാ അവസ്ഥകളും നിലനിന്നിട്ടും ആ മഹാത്മാവിന് അല്ലാഹുവിൽനിന്ന് ഇൽഹാമുണ്ടായി: 'ലോകത്ത് ഒരു താക്കീതുകാരൻ വന്നു. പക്ഷേ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും വലിയ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത്തെ ലോകത്ത് വെളിപ്പെടുത്തുകയും ചെയ്യും.' ഈ ഇൽഹാം ആ മഹാത്മാവിനുണ്ടായത് അദ്ദേഹത്തിൽ ഒരാൾപോലും വിശ്വസിക്കാത്ത കാലത്തായിരുന്നു. പിന്നീട് ഇങ്ങനേയും ഇൽഹാമുണ്ടായി: 'ഞാൻ നിന്റെ പ്രബോധനത്തെ ലോകത്തിന്റെ അറ്റങ്ങൾവരെ എത്തിക്കുന്നതാണ്.' അക്കാലത്തെ എതിർപ്പിന്റെ അവസ്ഥ ഇതായിരുന്നു, അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പീരാ എന്നുപേരുള്ള ഒരു ജോലിക്കാരനുണ്ടയിരുന്നു. അയാൾ എത്ര വിഡ്ഢിയായിരുന്നുവെന്നാൽ കറിയിൽ മണ്ണെണ്ണ ചേർത്ത് കുടിക്കാറുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇടയ്ക്കൊക്കെ എന്തെങ്കിലും കാര്യത്തിനായി അയാളെ ബട്ടാലയിൽ അയക്കുമായിരുന്നു. ഒരിക്കൽ അയാളെ ബട്ടാലയിൽ അയച്ചു. അഹ്‌ലെ ഹദീഥിന്റെ അക്കാലത്തെ നേതാവും വലിയ പണ്ഡിതനുമായ മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി അയാളെ കണ്ടുമുട്ടി. ബട്ടാലയിൽനിന്ന് ഖാദിയാനിലേക്ക് വരുന്ന ഓരോ വ്യക്തിയേയും കാണുകയും അയാൾ (ഹദ്റത്ത് മസീഹ് മൗഊദ്(അ)'കച്ചവടം തുടങ്ങിയിരിക്കുകയാണെന്നും കള്ളനാണെന്നും നിങ്ങൾ ഖാദിയാനിൽ പോയിട്ട് എന്തു ചെയ്യാനാണെന്നുമൊക്കെ അവരോട് പറയുകയുമായിരുന്നു അയാളുടെ തൊഴിൽ.' എന്നിട്ടും ആളുകൾ ഖാദിയാനിൽ വന്നുകൊണ്ടിരുന്നു. മൗലവി സാഹിബ് തടഞ്ഞിട്ടും ആളുകൾ നിന്നില്ല. ആ ദിവസം മൗലവി സാഹിബിന് മറ്റാരേയും കിട്ടിയില്ല. പീരായെയാണ് കിട്ടിയത്. അയാളുടെ അടുത്തുപോയി പറഞ്ഞു: 'പീരേ! നീ അയാളുടെ അടുത്ത് താമസിക്കാൻ പാടില്ല. നിന്റെ ഈമാൻ നീ എന്തിനാണ് പാഴാക്കുന്നത്.' ആ പാവത്തിന് ഇത്തരം കാര്യങ്ങളൊന്നും മനസ്സിലായില്ല. പക്ഷേ, മിർസാ സാഹിബിന്റെ അടുത്ത് താമസിക്കുന്നത് ശരിയല്ലെന്നാണ് അദ്ദേഹം പറയുന്നതെന്ന് മനസ്സിലായി. മൗലവി സാഹിബ് എല്ലാ കാര്യങ്ങളും പറഞ്ഞു കഴിഞ്ഞപ്പോൾ പീര പറഞ്ഞു: 'മൗലവി സാഹിബേ! ഞാൻ തികച്ചും അജ്ഞനാണ്. ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാൻ എനിക്ക് കഴിവില്ല. പക്ഷേ, ഒന്നെനിക്ക് മനസ്സിലാകുന്നുണ്ട്. താങ്കൾ പറഞ്ഞു, മിർസാ സാഹിബ് ചീത്തയാണെന്ന്. പക്ഷേ, ഒരുകാര്യം എനിക്കും കാണാൻ കഴിയുന്നുണ്ട്. താങ്കൾ നിത്യവും ബട്ടാലയിൽ ചുറ്റി നടന്ന് ആരും ഖാദിയാനിൽ പോകരുതെന്ന് പറയുന്നു. മറ്റു പ്രദേശങ്ങളിൽനിന്ന് വരുന്നവരേയും തടയുന്നു. വഴിപിഴപ്പിക്കുന്നു. എന്നാൽ, അല്ലാഹു അദ്ദേഹത്തോടൊപ്പമാണെന്ന് എനിക്ക് വ്യക്തമായും കാണാൻ കഴിയുന്നുണ്ട്. താങ്കളോടൊപ്പമല്ല. കാരണം നിങ്ങൾ എല്ലാ വിധത്തിലും പരിശ്രമിച്ചിട്ടും നൂറുകണക്കിന് ആളുകൾ നടന്ന് ഖാദിയാനിൽ പോകുന്നു. എന്നാൽ, താങ്കളുടെ അടുക്കൽ ഒരിക്കലും ആരും വരുന്നില്ല.

വീണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: നമ്മുടെ ജമാഅത്തിലെ ആദരണീയനായ അബ്ദുല്ലത്തീഫ് സാഹിബ് ശഹീദും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദം കേട്ട് ഖാദിയാനിൽ വന്ന ആളായിരുന്നു. അദ്ദേഹം ഹജ്ജിനു പോകാൻ വീട്ടിൽനിന്നിറങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ക്ഷണം കേട്ട് ഖാദിയാനിലെത്തി. ബയ്അത്ത് ചെയ്തു. ബയ്അത്തിനുശേഷം തിരിച്ചു വീട്ടിൽ പോയപ്പോൾ അഫ്ഗാനിസ്ഥാനിലെ രാജാവ് അദ്ദേഹത്തെ എറിഞ്ഞുകൊല്ലാൻ വിധിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തത് മാത്രമായിരുന്നു അദ്ദേഹം ചെയ്ത കുറ്റം. അദ്ദേഹത്തിന്റെ വിശ്വാസം മാറ്റാൻ ജനങ്ങൾ വളരെ സമ്മർദം ചെലുത്തി. പക്ഷേ, അദ്ദേഹം അംഗീകരിച്ചില്ല. കാരണം അദ്ദേഹത്തിന് സത്യം വ്യക്തമായിക്കഴിഞ്ഞിരുന്നു. അവസാനം രാജാവ് അദ്ദേഹത്തെ മണ്ണിൽ കുഴിച്ചു നിറുത്തി കല്ലെറിഞ്ഞു അതിദാരുണമായി ശഹീദാക്കി. എന്നാൽ, അദ്ദേഹം 'ആഹ്' എന്നുപോലും പറഞ്ഞില്ല. അല്ലാഹുവിന്റെ വഴിയിൽ തന്റെ ജീവൻ സമർപിച്ചു. എറിഞ്ഞു കൊല്ലുന്നതിന് മുമ്പേ ഒരു മന്ത്രി അദ്ദേഹത്തിന്റെ അടുക്കൽ വന്നു പറഞ്ഞു: 'താങ്കൾ താങ്കളുടെ വിശ്വാസം മനസ്സിൽ വെച്ചോളൂ. നാവുകൊണ്ട് മാത്രം നിഷേധിച്ചാൽ മതി.' എന്നാൽ, അദ്ദേഹം പറഞ്ഞു:'എനിക്ക് കളവ് പറയാൻ കഴിയില്ല.' അങ്ങനെ അദ്ദേഹം ശഹീദാക്കപ്പെട്ടു. അദ്ദേഹം ശഹീദായി അല്പകാലം കഴിഞ്ഞപ്പോൾ അഫ്ഗാനിസ്ഥാനിൽ കോളറ പടർന്നു പിടിച്ചു. ആയിരക്കണക്കിനാളുകൾ ചത്തുവീണു. ഇപ്പോഴും ആ നാശം അവിടെ തുടർന്നുകൊണ്ടേയിരിക്കുന്നു.

അല്ലാഹു ഓരോ അഹ്മദിയിലും മതാഭിമാനം സൃഷ്ടിക്കുമാറാകട്ടെ. അല്ലാഹുമായിട്ടുള്ള ബന്ധത്തിലും വർധനവ് നല്കുമാറാകട്ടെ. ക്ഷമയും സഹിഷ്ണുതയും സൃഷ്ടിക്കുമാറാകട്ടെ. മനുഷ്യത്വത്തെ രക്ഷിക്കാനുള്ള പ്രാർഥനകൾക്ക് തൗഫീഖും നമുക്ക് നല്കുമാറാകട്ടെ. നമ്മുടെ ധാർഷ്ട്യത്തിനുമേൽ വിനയത്തിന് വിജയം നല്കുമാറാകട്ടെ. അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. സമ്പൂർണമായും അവന്റെ തൃപ്തിയുടെ വഴിയിൽ നമ്മെ നടത്തുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷന്റെ പൂർത്തീകരണത്തിനായി നമ്മെക്കൊണ്ട് കഴിയുന്നത് ചെയ്യാൻ നമുക്ക് സാധിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ജമാഅത്തിൽ വിശ്വസിക്കുന്നവരിൽനിന്നും തന്നെ വിശ്വസിക്കുന്നവരിൽ നിന്നും ജമാഅത്തംഗങ്ങളിൽനിന്നും ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും ചെയ്യുന്നവരായിത്തീരട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 24.10.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Mohammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To